മാർച്ച് 8, 2014

# മാവറിക്കുകൾ ഉണ്ടാവുന്നത്

**അരുൺ ജെയ്റ്റ്ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

ഇത് തെരഞ്ഞെടുപ്പ് കാലം, യഥാർത്ഥ പ്രചാരണത്തിലേക്ക് നാം പ്രവേശിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ അവരവരുടെ പ്രചാരണവും സ്ഥാനാർത്ഥിപ്പട്ടികയും സഖ്യരൂപീകരണവും തന്ത്രം മെനയലും ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. അച്ചടി-ദൃശ്യ-സോഷ്യൽ മാധ്യമങ്ങൾക്കുള്ള പ്രചാരണ സാമഗ്രികൾ തയ്യാറാക്കുന്നതിലും ആവശ്യമായ വസ്തുക്കൾ ശേഖരിക്കുന്നതിലും വ്യാപൃതരാണെല്ലാവരും. തെരഞ്ഞെടുപ്പു കാലത്ത് ഒട്ടേറെ മികച്ച വ്യക്തികൾ രംഗത്തുവരും. ഇതൊരു ഗുണപരമായ പ്രവണതയാണ്. രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടത് കർത്തവ്യമാണെന്ന തിരിച്ചറിവിലാണവർ ഇതു ചെയ്യുന്നത്. സിനിമാതാരങ്ങൾ, കായികപ്രതിഭകൾ, ഏതെങ്കിലും വഴിയിൽ വ്യക്തിത്വം തെളിയിച്ചവരെല്ലാം ഏതെങ്കിലും പാർട്ടികളിൽ കൂട്ടു ചേരും; ചിലർ സ്ഥാനാർത്ഥികൾ പോലുമാകും. ഈ കാലത്താണ് പലരും പാർട്ടി മാറുന്നതും. ഈ പാർട്ടി മാറ്റം, അല്ലെങ്കിൽ കൂറുമാറ്റം രാഷ്ട്രീയ ശക്തികളുടെ പുനധ്രുവീകരണം എന്നാണ് പൊതുവെ അറിയപ്പെടുന്നത്.

തെരഞ്ഞെടുപ്പ് കൂട്ടം മാവറിക്സുകളുടെ കാലംകൂടിയാണ്. മാവറിക്സ് (കൂട്ടം പിരിഞ്ഞവർ) എന്നാൽ, ചിന്തയിലും പ്രവൃത്തിയിലും അത്രമാത്രം സ്വാതന്ത്ര്യം വച്ചുപുലർത്തുന്നവർ എന്ന് വേണമെങ്കിൽ പറയാം. അവർ സാധാരണ നിയമങ്ങൾ വിധേയരായിരിക്കില്ല. അവർ അസാധാരാണരായിരിക്കും. അവർ പരുക്കന്മാരും പരിഷ്കൃതമല്ലാതെ പ്രവർത്തിക്കുന്നവരുമായിരിക്കും. അവർക്കറിയാം എങ്ങനെ ശ്രദ്ധയാകർഷിക്കണമെന്ന്. അവർ ശ്രദ്ധ നേടും, പ്രചാരണം നേടും. നിലപാടുമാറ്റുന്നതിന് അവർക്ക് ഒരു പശ്ചാത്താപവുമുണ്ടാവില്ല. ഇലക്ട്രോണിക് മാധ്യമങ്ങളിലും മറ്റും സാധാരണ രാഷ്ട്രീയ പ്രവർത്തകരെക്കാൾ ആകർഷീണയത പ്രകടിപ്പിക്കും അവർ. ഇത്തരം കൂട്ടം പിരിഞ്ഞവർക്ക് സോഷ്യൽ മീഡിയകളിൽ, പ്രത്യേകിച്ച് ടിറ്ററിലും മറ്റും ഏറെ അവസരം കിട്ടും. ഇത്തരം കൂട്ടം പിരിഞ്ഞവർ പലരും 'കാരണമുണ്ടാക്കൽ' ദർശനക്കാരായിരിക്കും. സ്വീകരിക്കാൻ പറ്റിയ കാരണം തിരഞ്ഞുകൊണ്ടേയിരിക്കും അവർ.

യഥാർത്ഥത്തിൽ മാവറിക്സ് (കൂട്ടം പിരിഞ്ഞവർ) എന്ന വാക്കുണ്ടായത് 19-ാം നൂറ്റാണ്ടിൽ ദക്ഷിണ കരോലിനയിൽ നിയമസഭാ സാമാജികനും ഒരു ഭൂമാഫിയയുമായിരുന്ന സാമുവൽ അഗസ്റ്റസ് മാവറിക് എന്നയാളിന്റെ പേരിൽ നിന്നാണ്. ഒരു ഭൂമാടമ്പി ആയിരുന്ന അയാൾ അച്ഛന്റെ ബിസിനസ് കൈകാര്യം ചെയ്ത്, പിന്നീട് നിയമം പഠിച്ച്, ഒരു നിയമസഹായ ഓഫീസ് നടത്തി. ടെക്സാസിലെ വിപ്ലവകാലത്ത് ഇയാളെ വീട്ടു തടങ്കലിലായി. പിന്നീട് ടെക്സാസിന്റെ മേയറായി, സാമുവൽ മാവറിക്കിന് ഒരു ചെറിയ കാലിക്കൂട്ടമുണ്ടായിരുന്നു, അതിന് തന്നിഷ്ടപ്രകാരം അലയാൻ അനുമതിയും കൊടുത്തിരുന്നു. അങ്ങനെ നാഥനില്ലാത്ത, നിയന്ത്രണമില്ലാത്ത ഒരു കാലിക്കൂട്ടത്തെ പരാമർശിച്ചുണ്ടായ വാക്കാണ് മാവറിക്സ്. ഉടമസ്ഥനില്ലാതെ അലയുന്ന മൃഗമെന്നോ, അച്ചടക്കമില്ലാത്ത വ്യക്തിയെന്നോ, കൂട്ടം പിരിഞ്ഞവൻ എന്നോ, ഭിന്നാഭിപ്രായക്കാരനെന്നോ അർത്ഥം പറയാം.

ഇന്ത്യയ്ക്കും സ്വന്തമായി ഇത്തരം കൂട്ടംപിരിഞ്ഞവരുണ്ട്. ഇത്തരം ഒട്ടേറെ സ്വതന്ത്ര ചിന്തക്കാർ താൽക്കാലികമായി പാർട്ടിയിൽ ചേരുകയും അയോഗ്യനെന്ന് തോന്നി സ്വയം പിരിഞ്ഞുപോവുകയും ചെയ്യും. അവരിൽ ചിലർ രാഷ്ട്രീയ പാർട്ടികളുമുണ്ടാക്കും. അവരുടെ രീതി അസാധാരണമായിരിക്കില്ല. പരമാവധി പ്രചാരണം കിട്ടാൻ അവർ പ്രത്യേക ഭാഷാ ശൈലിയിൽ വാദിക്കും. അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉണ്ടാക്കൽ ഇത്തരം മാവറിക്കുകളുടെ രീതിയാണ്. സാധാരണ രാഷ്ട്രീയക്കാർ ഇത്തരം കൂട്ടംപിരിഞ്ഞവരുടെ പ്രശ്നങ്ങളോട് പ്രതികരിക്കാറില്ല. കാരണം അവർ വഴിവിട്ട് എന്തും പറയാൻ മടിക്കാത്തവരാണ്. അവർ പ്രാകൃതരായിരിക്കും. ഒരു മാവറിക്കിനെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് ഞാൻ അതിശയിച്ചിട്ടുണ്ട്. ഒരു മാവറിക് നിങ്ങളോട് ചോദ്യം ചോദിച്ചാൽ മറുപടി പറയുമോ? അയാൾ ഗേറ്റ് തള്ളിത്തുറന്ന് നിങ്ങളുടെ വീട്ടിൽ കയറിവന്നാൽ കാണാൻ കൂട്ടാക്കുമോ? അയാളോട് തർക്കിച്ച് അയാൾക്ക് പ്രാധാന്യം നേടിക്കൊടുക്കാൻ കൂട്ടുനിൽക്കുമോ അതോ നിങ്ങളുടെ പതിവുരീതിയിൽ കാര്യപരിപാടികൾ നിശ്ചയിച്ച് അതുമായി മുന്നോട്ടുപോകാൻ നോക്കുമോ? എനിക്കു തോന്നുന്നു അതാണ് സുരക്ഷിതമായ വഴിയെന്ന്. ഒരു മാവറിക്കിന് കൊടുക്കാവുന്ന നല്ല മറുപടി മൗനമാണ്. മാന്യത അതാണ്. ഒരു മാവറിക്കിനെയും അയാളുടെ തോന്നിയവാസ കാര്യപരിപാടിയേയും പ്രോത്സാഹിപ്പിക്കാതിരിക്കുന്നതാണ് നല്ലത്.

അതിനാൽ അരവിന്ദ് കേജ്‌രിവാളിന് ചെവി കൊടുക്കാതിരുന്ന നരേന്ദ്രമോദിയുടെ നിലപാട് നന്നായി.